# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:228 — 07.12.2018-ലെ മറുപടി

**ദേശീയ ഗ്രാമീണ കടിവെള്ള പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. ജോയി<br>ശ്രീ.പി.ടി.എ. റഹീം<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.വി. അബ്ദുറഹിമാൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുണ്ടായിരുന്ന കേന്ദ്ര സർക്കാർ വിഹിതം വെട്ടിക്കുറച്ചത്, ഗ്രാമ പ്രദേശങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കാനുള്ള ജല അതോറിറ്റിയുടെ പ്രവർത്തനം മന്ദീഭവിപ്പിക്കാതിരിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കാമോ; | (എ) | • ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള കേന്ദ്ര വിഹിതം വെട്ടിക്കുറച്ചു. തുടർന്ന് പദ്ധതി നിർവ്വഹണം മന്ദഗതിയിലായതിനാൽ ടി പദ്ധതിയിൽ ഏറ്റെടുത്തതും എന്നാൽ നിർവഹണം ആരംഭിക്കാത്തതുമായ 55 പദ്ധതികളുടെ ഭരണാനുമതി അനുയോജ്യമായ മറ്റു ശീർഷകങ്ങളിൽ പരിഗണിക്കുന്നതിനായി ഉപേക്ഷിക്കുകയും ടി പദ്ധതികളിൽ സ്ഥല ലഭ്യത ഉൾപ്പെടെ മറ്റു തടസ്സങ്ങളൊന്നുമില്ലാത്ത 22 പദ്ധതികളിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഇതിനകം കിഫ്ബി, നബാർഡ്, സ്റ്റേറ്റ് പ്ലാൻ മുതലായ ശീർഷകങ്ങളിൽപ്പെടുത്തി അംഗീകാരം നൽകുകയും ചെയ്തു.<br>• നിർവഹണം ആരംഭിച്ച പദ്ധതികളിൽ ഫണ്ടിന്റെ അപര്യാപ്തത കാരണം തുടങ്ങാൻ കഴിയാത്ത ഘടകങ്ങൾ കണ്ടെത്തുകയും അവ ഉൾപ്പെടുത്തി പുതുക്കിയ പദ്ധതികൾ തയ്യാറാക്കി മറ്റു ശീർഷകങ്ങളിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കി വരുന്നു.<br>• 2016-17 സാമ്പത്തിക വർഷം മുതൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽപ്പെടുത്തി പുതിയ പദ്ധതികൾക്കൊന്നും അംഗീകാരം നൽകിയിട്ടില്ല. എന്നാൽ നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ കിഫ്ബി, നബാർഡ് , സ്റ്റേറ്റ് പ്ലാൻ മുതലായ ശീർഷകങ്ങളിൽപ്പെടുത്തി പുതിയ കുടിവെള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതിനു പുറമെ നബാർഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് അസ്സിസ്റ്റൻസിൽ ഉൾപ്പെടുത്തി വായ്പ എടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പുതിയ പദ്ധതികൾക്കും നിലവിലുള്ള വയുടെ പുനരുദ്ധാരണത്തിനുമായുള്ള പ്രധാന കിഫ്ബി പദ്ധതികൾ ഏതെല്ലാമാണ്; | (ബി) | നിലവിൽ അനുമതി ലഭിച്ച കിഫ്ബി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | 2018 ഡിസംബറിൽ പൂർത്തിയാക്കേണ്ട ജലനിധി രണ്ടാംഘട്ടത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ; ജലനിധി ഒന്നാം ഘട്ടത്തിലെ പദ്ധതികളിൽ മൂന്നിലൊന്നിലധികം പ്രവർത്തന രഹിതമായത് പുനരുജ്ജീവിപ്പിക്കാനായി പദ്ധതിയുണ്ടോ; | | ജലനിധി രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഏറ്റെടുത്ത 2176 കുടിവെള്ള പദ്ധതികളിൽ 2011 കുടിവെള്ള പദ്ധതികൾ 30/11/2018 വരെയുള്ള കാലയളവിൽ പൂർത്തീകരിക്കുകയും 1,97,987 കുടുംബങ്ങളിലെ 8.53 ലക്ഷം ഗുണഭോക്താക്കൾക്ക് കുടിവെള്ള സൗകര്യം നല്കിവരികയും ചെയ്യുന്നു. ബാക്കിയുള്ള പദ്ധതികളുടെ പണി, പദ്ധതി കാലയളവിനുള്ളിൽ തന്നെ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പൂർത്തീകരിച്ച പദ്ധതികളിൽ 48 പദ്ധതികൾ കെ.ഡബ്ല്യു.എ. പുനരുദ്ധാരണ പദ്ധതികളും, 393 പദ്ധതികൾ പഞ്ചായത്ത് പുനരുദ്ധാരണ പദ്ധതികളുമാണ്. പദ്ധതി പ്രവർത്തനങ്ങൾക്കായി പദ്ധതി പങ്കാളികളിൽ നിന്നും (സർക്കാർ, ഗ്രാമ പഞ്ചായത്ത്, ഗുണഭോക്താക്കൾ) 1259 കോടി രൂപ സ്വരൂപിച്ചിട്ടുണ്ട്. ആയതിൽ 30.09.2018 വരെ 1189.73 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ജലനിധി പഞ്ചായത്തുകളിൽ ODF (പൊതുസ്ഥല മലമൂത്ര വിസർജ്ജന മുക്ത പദ്ധതി) പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിച്ച 36,376 ഗാർഹിക കക്കൂസുകൾക്കുപുറമെ 9,580 ശുചിത്വ സൗകര്യ യൂണിറ്റുകളുടെ നിർമ്മാണം ഇതുവരെ പൂർത്തിയായിട്ടുണ്ട്. 3.85 ലക്ഷം ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവരുന്നു. 1832 ഭൂജല സംവർദ്ധന യൂണിറ്റുകളും ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട്. 6.11 ലക്ഷം പേർക്ക് പദ്ധതി നടത്തിപ്പു പരിശീലനം നല്കിയിട്ടുണ്ട്. ഏറ്റെടുത്ത ഒന്നിലധികം പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന 3 ബൃഹദ് കുടിവെള്ള പദ്ധതികളിൽ ഒരെണ്ണം പൂർത്തീകരിക്കുകയും ബാക്കിയുള്ള രണ്ടെണ്ണം പൂർത്തീകരണത്തിന്റെ അവസാനഘട്ടത്തിലുമാണ്.<br>ജലനിധി ഒന്നാംഘട്ടത്തിലെ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തന രഹിതമായ പദ്ധതികൾ പുനരുജ്ജീവിപ്പിക്കാനായി തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 2018-19 കാലയളവിലേക്ക് 10 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി ദ്രുതഗതിയിൽ നടത്തിവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ജൈക്ക സഹായത്തോടെയുള്ള കുടിവെള്ള പദ്ധതികൾ പൂർണ്ണമായും പ്രാവർത്തിക മായിട്ടുണ്ടോ; തലസ്ഥാന നഗരത്തിലെ കുടിവെള്ള വിതരണം കൂട്ടുതൽ കാര്യക്ഷമ മാക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം നൽകാമോ? | (ഡി) | ഇല്ല.<br>തലസ്ഥാന നഗരത്തിലെ കുടിവെള്ള വിതരണം കൂട്ടുതൽ കാര്യക്ഷമമാക്കുന്നതിനു ജൈക്ക സഹായ ത്തോടുകൂടി അരുവിക്കരയിൽ ആരംഭിച്ച 74 എം.എൽ.ഡി പ്ലാൻറ് 2010 സെപ്റ്റംബറിൽ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കി നഗര പ്രദേശത്ത് വിതരണം ചെയ്തു വരുന്നു. തിരുവനന്തപുരം നഗരത്തിലെ തീരദേശമായ പൂന്തുറ, ബീമാപള്ളി, വലിയതുറ, മുട്ടത്തറ, പൊന്നറ, കല്ലുംമൂട്, ആര്യൻകുഴി എന്നിവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിച്ചിട്ടുണ്ട്. കുടിവെള്ള കണക്ഷനുകൾ കൂട്ടുതൽ നൽകുവാനും, പുതുതായി നിർമ്മിച്ച സംഭരണികൾ വഴി ജലവിതരണം കൂട്ടുതൽ ജനങ്ങൾക്ക് കൂട്ടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.<br>ജൈക്ക സഹായത്തോടുകൂടി നിലവിലുള്ള അരുവിക്കര യിലെ 72 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണ ശാലയുടെയും വെള്ളയമ്പലത്തുള്ള 36 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണ ശാലയുടെയും പുനരുദ്ധാരണ പണികൾ 70% പൂർത്തീകരിച്ച കഴിഞ്ഞു. ബാക്കി പണികൾ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അരുവിക്കരയിൽ നിന്ന് വെള്ളയമ്പലത്തുള്ള 36 എം.എൽ.ഡി പ്ലാന്റിൽ റാ വാട്ടർ പമ്പ് ചെയ്യുന്നതിന് പുതുതായി നിർമ്മിച്ച പമ്പ് ഹൗസിൽ നിന്ന് പമ്പിംഗ് സജ്ജമായതോടു കൂടി തിരുവനന്തപുരം നഗരത്തിലെ ചില പ്രദേശങ്ങളിൽ അനുഭവപ്പെട്ടിരുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. ബാക്കി പണികൾ പൂർത്തീകരി ക്കുന്നതോടുകൂടി കുടി വെള്ള വിതരണത്തിൽ കാതലായ മാറ്റം ഉണ്ടാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| കിഫ്ബി 2016-17 | | |
|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടി രൂപയിൽ) |
| 1 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും, വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 35 |
| 2 | തിരുവല്ല- ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 58 |
| 3 | കൊല്ലം കോർപ്പറേഷൻ- രണ്ടാംഘട്ടം കടിവെള്ള പദ്ധതി വിപുലീകരണം | 235 |
| 4 | കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കടിവെള്ള പദ്ധതി -ഒന്നാം ഘട്ടം | 76 |
| 5 | പൊന്നാനിയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി യുള്ള സമഗ്ര കടിവെള്ള പദ്ധതി | 74.4 |
| 6 | കൊയിലാണ്ടി മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കടിവെള്ള പദ്ധതി | 85 |
| 7 | തൊടുപുഴ മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കടിവെള്ള പദ്ധതി വിപുലീകരണം | 34 |
| 8 | കോട്ടയം മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കടിവെള്ള പദ്ധതി വിപുലീകരണം | 50 |
| 9 | തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കടിവെള്ള പദ്ധതി - ഒന്നാം ഘട്ടം | 185 |
| 10 | മട്ടന്നൂർ-ഇരിട്ടി മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള കടിവെള്ള പദ്ധതി | 76.6 |
| 11 | ധർമ്മടം കടിവെള്ള പദ്ധതി വിപുലീകരണം | 16.5 |
| 12 | കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കടിവെള്ള പദ്ധതി — വിതരണശൃംഖല മെച്ച പ്പെടുത്തൽ | 12 |
| 13 | മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ | 18 |
| 14 | തിരുവാലിയ്ക്കും സമീപ വില്ലേജുകൾക്കമായുള്ള പദ്ധതിയുടെ വിതരണശൃംഖല വിപുലീകരണം —ഘട്ടം I & II- തിരുവാലി, വണ്ടൂർ - ഒന്നാം ഭാഗം | 22.2 |
| 15 | നെന്മാറയ്ക്കും സമീപ പഞ്ചായത്തു കൾക്കും വേണ്ടിയുള്ള കടിവെള്ള പദ്ധതി വിപുലീകരണം —ഘട്ടം -II | 24.5 |
| 16 | കടമക്കുടി പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ | 12 |
| 17 | വാരാപ്പുഴ പഞ്ചായത്തിന്റെ വിതരണ ശൃംഖല മെച്ചപ്പെടുത്തൽ | 16.5 |
| 18 | പെരുനാട്-അത്തിക്കയം വില്ലേജുകളുടെ വിതരണശൃംഖല മെച്ചപ്പെടുത്തൽ ഘട്ടം-2 | 41.4 |
| 19 | ചീക്കോട് കടി വെള്ള പദ്ധതിയുമായി സംയോജിപ്പിച്ചുള്ള രാമനാട്ടുകര കടിവെള്ള പദ്ധതിയുടെ മെച്ചപ്പെടുത്തൽ | 26 |
| 20 | കല്ലുവാതു ക്കൽ-പാരിപ്പള്ളി-വെളിനല്ലൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള കടിവെള്ള പദ്ധതി-ഒന്നാംഘട്ടം | 27 |
| 21 | അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള കടിവെള്ള പദ്ധതി — ഘട്ടം -I | 10 |
| 22 | തച്ചനാട്ടുകര-അലനല്ലൂർ-കോട്ടോപാടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കടിവെള്ള പദ്ധതി | 22 |
| 23 | താനൂർ മുനിസിപ്പാലിറ്റിയ്ക്കും സമീപ 4 പഞ്ചായത്തു കൾക്കും വേണ്ടിയുള്ള കടിവെള്ള പദ്ധതി- ഘട്ടം -I | 100 |
| | TOTAL | 1257.1 |
| കിഫ്ബി 2017-18 | | |
| സർക്കാരിൽ സമർപ്പിക്കുകയും, സർക്കാരിൽല് നിന്നും അനുമതി ലഭ്യമാക്കി കിഫ്ബിയുടെ അനുമതിക്കായി | | |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടി രൂപയിൽ) |
|---|---|---|
| 1 | പുറത്തൂർ, [illegible], [illegible], എഴുമറ്റൂർ, കന്നംതാനം, ഇരവിപേരൂർ, തോട്ടപ്പുഴശ്ശേരി, കോയിപ്പുറം, പഞ്ചായത്തുകളിലേക്കുള്ള ജലവിതരണ പദ്ധതി | 85 |

**കിഫ്ബിയിൽ നിന്നും അനുമതി ലഭിച്ച പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടി രൂപയിൽ) |
|---|---|---|
| 1 | പട്ടാഴി, പട്ടാഴി വടക്കേക്കര, മൈലം ,തലവൂർ പഞ്ചായത്തുകളിലെക്കുള്ള ജലവിതരണ പദ്ധതി –രണ്ടാം ഘട്ടം | 60.13 |
| 2 | ഇടവണ്ണ പഞ്ചായത്ത് സമഗ്ര കുടിവെള്ള പദ്ധതി –രണ്ടാം ഘട്ടം | 47.21 |
| 3 | അങ്കമാലി കുടിവെള്ള വിതരണ പദ്ധതിയുടെ ദീർഘിപ്പിക്കൽ | 115.93 |
| 4 | മലമ്പുഴയിലെ വിവിധ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായുള്ള കുടിവെള്ള പദ്ധതി | 64.14 |
| 5 | മഞ്ചേരി സബർബൻ കുടിവെള്ള പദ്ധതി | 72.58 |
| 6 | രാമൻചാടി- അലിഗർ കുടിവെള്ള പദ്ധതി | 92.52 |
| 7 | എലവഞ്ചേരി- പല്ലശ്ശന സമഗ്ര കുടിവെള്ള പദ്ധതി | 17.58 |
| 8 | വണ്ടാഴി, കിഴക്കഞ്ചേരി- വടക്കഞ്ചേരി- കണ്ണമ്പ്ര പഞ്ചായത്തുകളിലലേക്കുള്ളസമഗ്ര ശുദ്ധജല വിതരണ പദ്ധതി - രണ്ടാം ഘട്ടം | 69.54 |
| 9 | കരിമ്പുകയം കുടിവെള്ള പദ്ധതി | 68.64 |
| 10 | കരിമ്പ, കോങ്ങാട് പഞ്ചായത്തുകളിലെക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി | 28.3 |
| 11 | തലശ്ശേരി- കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി | 85.86 |
| 12 | അയ്യപ്പൻകോവിൽ ജലവിതരണ പദ്ധതി | 46.424 |
| 13 | ഫറൂക്ക് കരുവൻതുരുത്തി കുടിവെള്ള പദ്ധതി | 18.64 |
| 14 | നാട്ടിക ഫിർക്ക കുടിവെള്ള പദ്ധതി | 69.96 |
| 15 | ചാഴൂർ, അന്തിക്കാട്, താന്ന്യം പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 34.76 |
| 16 | എടയൂർ- ഇരിമ്പിളിയം - വളാഞ്ചേരി കുടിവെള്ള പദ്ധതി | 72.17 |
| 17 | കോടശ്ശേരി പരിയാരം ,ആതിരപ്പള്ളി പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 58.61 |
| 18 | കഞ്ഞിമംഗലം, ചെറുതാഴം, ഏഴിമല നേവൽ അക്കാഡമി എന്നിവിടങ്ങളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി - ഒന്നാം ഘട്ടം | 56.89 |
| 19 | പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, വടകരപ്പതി, എരുത്തേമ്പതി പഞ്ചായത്തുകളിലെക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി | 23.82 |
| 20 | പാലക്കാട് ജില്ലയിലെ പെരുമാട്ടി, പട്ടഞ്ചേരി, എലപ്പുള്ളി, നല്ലേപ്പുള്ളി പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം | 25.99 |
| 21 | ഒറ്റപ്പാലം താലൂക്കിലെ അമ്പലപ്പാറ പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതി –രണ്ടാം ഘട്ടം | 11.14 |
| | ആകെ തുക | 1140.834 |

**കിഫ്ബിയിൽ നിന്നും അനുമതി ലഭിയ്ക്കേണ്ട പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടി രൂപയിൽ) |
|---|---|---|
| 1 | കുട്ടനാട് കുടിവെള്ള പദ്ധതി - രണ്ടാം ഘട്ടം | 241 |
| 2 | തിരുവനന്തപുരം നെയ്യാർ ബദൽ സ്രോതസ്സ് | 203.89 |
| 3 | കിഴക്കൻ മല ജലവിതരണ പദ്ധതി | 38.5 |
| 4 | മുദാക്കൽ പഞ്ചായത്തിലെ ജലവിതരണ പദ്ധതിയുടെ വികസന പ്രവർത്തനങ്ങൾ | 11.58 |
| 5 | ആല-പുലിയൂർ, ബുധനൂർ,പാണ്ടനാട് പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതി | 81 |
| 6 | ഏറ്റുമാനൂർ കുടിവെള്ള പദ്ധതി | 58.55 |
| 7 | കരുമാല്ലൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി | 36.5 |
| 8 | കാരോട് പഞ്ചായത്തിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി | 86 |
| 9 | ചിറയിൻകീഴ് മണ്ഡലത്തിലെ തീരപ്രദേശങ്ങളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 18.28 |
| 10 | അതിയന്നൂർ, കോട്ടുകൽ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധീകരിച്ച ജലവിതരണ പദ്ധതി | 25 |
| 11 | ചാത്തന്നൂർ ജലവിതരണ പദ്ധതി | 48 |
| 12 | പുളിമാത്ത് , നഗരൂർ, കരവാരം പഞ്ചായത്തുകളിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി-ഒന്നാം ഘട്ടം | 83 |
| 13 | പേരാവൂർ, പായം, മുഴക്കുന്ന് , അയ്യൻകുന്ന് പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി ഒന്നാം ഘട്ടം | 71.2 |
| 14 | എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി | 23 |
| | ആകെ തുക | 1025.5 |

## കിഫ്ബി 2018-19

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടി രൂപയിൽ ) |
|---|---|---|
| 1 | ആലപ്പുഴ മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണം-ശേഷിക്കുന്ന പ്രവർത്തികൾ | 184 |
| 2 | കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണം | 78.5 |
| | ആകെ തുക | 262.5 |

സെക്ഷൻ ഓഫീസർ